(ഡി) ഇതുമൂലം ഖാദി വ്യവസായ യൂണിറ്റുകൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ കൂടുതൽ വിറ്റഴിക്കാനുള്ള അവസരം ലഭിച്ചിട്ടുണ്ട്.

(ഇ) ഖാദി വില്ലേജ് ഇൻഡസ്ട്രീസ് യൂണിറ്റുകൾക്ക് അനുവദിച്ചിരുന്ന ഇളവുകൾ പിൻവലിച്ചിട്ടില്ല. വാർഷിക വിറ്റുവരവ് 25 ലക്ഷത്തിനു താഴെയുള്ള എല്ലാ യൂണിറ്റുകളെയും നികുതിയിൽ നിന്നും ഇപ്പോൾ ഒഴിവാക്കിയിട്ടുണ്ട്. ഈ പരിധി 50 ലക്ഷമാക്കാനുള്ള നടപടിക്രമങ്ങൾ പുർത്തിയായി വരുന്നു.

**വില്പന നികുതിയിനത്തിൽ ലഭിച്ച തുക**

**17 (3226)** ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നികുതി വകുപ്പിൽ ഓഫീസർമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ എന്തെങ്കിലും കേസുകൾ ഉണ്ടോ ;

(ബി) ഒഴിവുള്ള തസ്തിക നികത്തരുതെന്ന് ഹൈക്കോടതി സർക്കാരിനോട് നിർദ്ദേശിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഒ.പി.നമ്പർ 10976/96 തീയതി 4-8-2004, ഒ.പി.നമ്പർ 12278/96 തീയതി 10-8-2004, ഒ.പി. നമ്പർ 2234/98 തീയതി 20-9-2004 എന്നീ കോടതി വിധികൾ പ്രകാരം നികുതി വകുപ്പിലെ അസിസെയിൽസ് ടാക്സ് ഓഫീസർ തസ്തികയിലെ ഓഫീസർമാർമാരുടെ 1-4-1974 മുതൽക്കുള്ള സീനിയോരിറ്റി ലിസ്റ്റ് പുനഃക്രമീകരിക്കുന്നതിനുള്ള നിർദ്ദേശമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അസി. സെയിൽസ് ടാക്സ് ഓഫീസർ മുതൽക്ക് മുകളിലേക്കുള്ള തസ്തികകളിലെ സീനിയോരിറ്റി ലിസ്റ്റുകൾ പുനഃക്രമീകരണം നടത്തിയതിനുശേഷം മുകളിലേക്കുള്ള തസ്തികകളിലേക്ക് പ്രമോഷൻ നടത്തണമെന്നും ഒ.പി.നമ്പർ 10976/96, ഒ.പി. നമ്പർ 12278/96 ഉത്തരവുകളിൽ നിർദ്ദേശിച്ചിട്ടുണ്ട്. കോടതി വിധികൾ പ്രകാരം സീനിയോരിറ്റി ലിസ്റ്റുകൾ തയ്യാറാക്കിവരുന്നു.

(ബി) ഒഴിവുള്ള തസ്തിക നികത്തരുതെന്ന് എന്തെങ്കിലും ഉത്തരവുകൾ ഉള്ളതായി അറിവില്ല. എന്നാൽ നികുതി വകുപ്പിലെ അസി.സെയിൽസ് ടാക്സ് ഓഫീസർമാരുടേയും അതിന് മുകളിലേക്കുള്ള തസ്തികകളിലേക്കുള്ള സീനിയോരിറ്റി പുനർനിർണ്ണയം ചെയ്തതിനുശേഷം ഇനിയുള്ള പ്രമോഷനുകൾ നടത്തണമെന്ന് കോടതി നിർദ്ദേശമുണ്ട്.

**സ്വർണ്ണവില നിയന്ത്രണത്തിനുള്ള നടപടികൾ**

**18 (3227)** ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വർണ്ണ ഉപഭോഗം വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly